(ഡി) ഗുണനിലവാരം ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഗവൺമെന്റ് സ്കൂളുകളിലെപ്പോലെ എയ്ഡഡ് സ്കൂളുകളിലും നടപ്പിലാക്കാൻ എസ്.എസ്. എ. പദ്ധതി സഹായം ലഭ്യമാണ്. കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡമനുസരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള സഹായം എയ്ഡഡ് സ്കൂളുകൾക്ക് ലഭ്യമല്ല.

എസ്. എസ്. എ. പദ്ധതി

94 (4375) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്. എസ്. എ. പദ്ധതി പ്രകാരം എന്തു പ്രവർത്തമാണ് സ്കൂളുകളിൽ നടപ്പാക്കുന്നത് :

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ എത്ര സ്കൂളുകളിൽ എസ്. എസ്. എ. പദ്ധതി നടപ്പിലാക്കി ?

ഉത്തരം

(എ) 1. നിർമ്മാണ പ്രവർത്തനങ്ങൾ

സ്ക്കൂൾ കെട്ടിടം, ക്ലാസ് മുറി, ബി.ആർ.സി., സി.ആർ.സി., സ്ക്കൂൾ ചുറ്റുമതിൽ, ടോയ്ലറ്റ്, ക്ലാസ്സ് ഇടഭിത്തി എന്നിവയുടെ നിർമ്മാണം കൂടാതെ കുടിവെള്ള സൗകര്യം ഒരുക്കൽ, സ്ക്കൂൾ വൈദ്യുതികരണം, സ്ക്കൂൾ അറ്റകുറ്റപ്പണികൾ എന്നിവയും ഉൾപ്പെടും.

2. ഗുണനിലവാരം ഉയർത്തുന്നതിനുള്ള പ്രവർത്തനം

അദ്ധ്യാപക പരിശീലനം, സൗജന്യ പാഠപുസ്തക വിതരണം, അദ്ധ്യാപകകർക്കുള്ള പഠനോപകരണ കിറ്റ്, സ്ക്കൂൾ ഗ്രാന്റ്, വി. ഇ. സി. ട്രെയിനിംഗ്, ആൾട്ടർനേറ്റീവ് സ്ക്കൂളിംഗ്, പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ എന്നിവ.

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും എസ്.എസ്.എ. പദ്ധതി നടപ്പിലാക്കിയത്.

LIBRARY ARCHIVES Kerala Legislative Assembly